5. പകർച്ചവ്യാധി രോഗങ്ങളും ജീവിതശൈലി രോഗങ്ങളും നിയന്ത്രിക്കാനും ചികിത്സിക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

6. ആരോഗ്യരംഗത്തെ മനുഷ്യവിഭവശേഷി വികസനം നടപ്പിലാക്കുക.

7. ആരോഗ്യ സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

8. വയോജന ആരോഗ്യ പരിപാടികളും അംഗപരിമിതർക്കുള്ള ആരോഗ്യ സേവനങ്ങളും നടപ്പിലാക്കുക.

9. തെളിവുകളെ അടിസ്ഥാനമാക്കിയുള്ള നയപരമായ തീരുമാനങ്ങൾ ആരോഗ്യരംഗത്ത് നടപ്പിലാക്കുക.

ആശുപത്രി വ്യവസായബന്ധ സമിതി

7 (*217) ശ്രീ. സാജു പോൾ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രി വ്യവസായബന്ധ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സമിതിയുടെ ഘടന അറിയിക്കാമോ ;

(സി) സമിതിയുടെ പ്രവർത്തനഫലമായി ഏതൊക്കെ കാറ്റഗറി ജീവനക്കാരുടെ വേതന കാര്യത്തിൽ കരാറിലെത്താൻ കഴിഞ്ഞു ;

(ഡി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു കഴിയാതെപോയതിന്റെ കാരണം പരിശോധിച്ചിരുന്നോ ; വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലേബർ കമ്മീഷണർ ചെയർമാനായി പ്രവർത്തിക്കുന്ന സമിതിയിൽ 13 തൊഴിലാളി പ്രതിനിധികളും, 13 തൊഴിലുടമാ പ്രതിനിധികളുമടക്കം 27 പേരാണ് പ്രവർത്തിക്കുന്നത്.

(സി) സമിതിയുടെ പ്രവർത്തന ഫലമായി സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിലെടുക്കുന്ന എല്ലാ കാറ്റഗറികളിലേയും ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ജി.ഒ (എംഎസ്.) നമ്പർ 135/2013/തൊഴിൽ-തീയതി 5-11-2013 പ്രകാരമുള്ള ഉത്തരവിലൂടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് ഉറപ്പു വരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും, ജില്ലാ ലേബർ ആഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 2014 കാലയളവിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനകളിൽ മിനിമംവേതനം നടപ്പിലാക്കാത്ത 103 ആശുപത്രികളിൽ 29 സ്വകാര്യ ആശുപത്രികൾക്കെതിരെ 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 2015(ജനുവരി-മേയ്) വരെ 30 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുമുണ്ട്.

പൊതുകുളങ്ങളുടെ നവീകരണം

8 (*218) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൊതുകുളങ്ങളുടെ നവീകരണത്തിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ച് ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അവലോകന വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly